# ഹസ്തക്ഷാളന വിവാദം

**കൈത്താക്കാലം നാലാംഞായർ മർക്കോ 7: 1-13**

ഫാ. ജോസഫ് ഇലഞ്ഞിമറ്റം

**കുറച്ചുകാലം** മുമ്പ് പുരാതന കത്തോലിക്കാക്കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരിടവകയിലെ പാരീഷ് കൗൺസിലിൽ ദൈവാലയത്തിനുള്ളിലെ ഇരിപ്പിടം ചർച്ചാവിഷയമായി. പ്രായമായവരുടെയും രോഗികളുടെയും സൗകര്യാർത്ഥം പള്ളിക്കുള്ളിൽ ബെഞ്ച് ഇടണമെന്ന ആവശ്യം ഉയർന്നുവന്നു. വിഷയം ഉയർന്നുവന്നതേ പരമ്പരാഗതവിശ്വാസികൾ സടകുടഞ്ഞെണീറ്റു. പിന്നീടു നടന്ന അര മണിക്കൂർ നീണ്ട ശബ്ദമലിനീകരണത്തിന്റെ ചുരുക്കം ഇത്രമാത്രം: പള്ളിയിൽ ബെഞ്ചിടണ്ട. പരിവർത്തിത ക്രൈസ്തവരുടെ ആംഗ്ലിക്കൻ പള്ളികളിലെ രീതിയാണ്. അതു കത്തോലിക്കാ പൈതൃകത്തിന് ഒട്ടും ചേർന്നതല്ല. ബെഞ്ചിട്ട് പള്ളിയുടെ പാരമ്പര്യവും പ്രൗഢിയും കളയാൻ അനുവദിക്കില്ല. ഏതാണ്ടിതേ മനോഭാവത്തോടെയാണ് ഹസ്തക്ഷാളന വിവാദത്തിൽ ഈശോ അഭിമുഖീകരിക്കുന്നത്. പ്രീശന്മാർ തങ്ങളുടെ സ്വാർത്ഥതയ്ക്കും മുതലെടുപ്പിനുമായി ദുഷ്ടലാക്കോടെ ദൈവികനിയമങ്ങളെ വളച്ചൊടി ക്കുമ്പോൾ ഈശോയ്ക്ക് കാഴ്ചക്കാരന്റെ റോളിലേക്ക് ഒതുങ്ങാനാവില്ല. പുരോഹിതൻ സമാഗമകൂടാരത്തിന്റെ ശുശ്രൂഷയ്ക്കായി പ്രവേശിക്കുന്നത് സമ്പൂർണ്ണ ശുദ്ധിയോടെയാവേണ്ട തിനു നിഷ്കർഷിക്കപ്പെട്ടതാണു ക്ഷാളനനിയമം (പുറ. 30:20). കാലക്രമേണ, അന്നം തരുന്ന ദൈവത്തോടുള്ള ബഹുമാനാർത്ഥം ഭക്ഷണത്തിനുമുമ്പ് എല്ലാവരും കൈകഴുകേണ്ടതാണ് എന്ന് റബ്ബീനിക് എക്സജേസിസ് ഉണ്ടായി. ഈശോയുടെ കാലമായപ്പോഴേക്കും സമ്പൂർണ്ണശുദ്ധി, ബഹുമാനം തുടങ്ങിയ മൂല്യങ്ങൾ കൈമോശം വരികയും കൈകഴുകലെന്ന അനുഷ്ഠാനം ശേഷിക്കുകയും ചെയ്തു. ഇക്കാരണങ്ങളാലാണ് ദൈവമായ കർത്താവ് 'ഇസ്രായേൽ ഭവനം മുഴുവൻ ഹൃദയത്തിൽ അപരിച്ഛേദിതരാണ്' (ജറെ 9:26) എന്നു വിമർശിച്ചത്.

പാരമ്പര്യങ്ങളെ കുറിക്കുന്ന ലോകപ്രശസ്തമായ ഗ്രന്ഥമുണ്ട്, ഫ്രഞ്ച് ദൈവ ശാസ്ത്രജ്ഞനായ കോംഗാറിന്റേതായി. Tradition and traditions. മാറ്റപ്പെടാൻ പാടില്ലാത്ത ദൈവികരഹസ്യങ്ങളും മാറ്റപ്പെടാവുന്ന നടപടിക്രമങ്ങളും എന്ന പ്രകാരത്തിൽ പാരമ്പര്യങ്ങളെ വ്യവച്ഛേദിച്ചു ചർച്ചാവിഷയമാക്കുന്ന ഈ ഗ്രന്ഥം പാരമ്പര്യങ്ങളെക്കുറിച്ചുള്ള നമ്മുടെ ധ്യാനവിചാരത്തിൽ ആഴമേറിയ ഉൾക്കാഴ്ച പ്രദാനം ചെയ്യുന്നതാണ്. ഈശോയിൽ നിന്നോ സഭയിൽനിന്നോ ഉറവയെടുക്കുകയും സ്ഥിരമോ താത്ക്കാലികമോ ആയ സ്വഭാവമുള്ള

നടപടിക്രമങ്ങളാണ് പാരമ്പര്യങ്ങൾ (traditions) സഭയാകുന്ന ജീവാത്മസത്ത ഈശോ പകർന്ന ദൈവരാജ്യത്തിന്റെ സുവിശേഷക്കൈമാറ്റത്തിൽ സ്വീകരിച്ച മാറ്റപ്പെടാൻ പാടില്ലാത്ത ദൈവികരഹസ്യമാണ് പാരമ്പര്യം (tradition). Traditions, taditions വിഴുങ്ങുമ്പോൾ ദൈവപുത്രന്റെ സ്വരത്തിൽ കലർന്ന ചാട്ടവാറിന്റെ സീൽക്കാരമാണ് സുവിശേഷത്തിലെ പാരമ്പര്യങ്ങളെക്കുറിച്ചുള്ളചർച്ചയിൽ. പണ്ടെങ്ങോ ജീവിച്ചിരുന്ന ഫരിസേയനെയും നിയമജ്ഞനെയും വിട്ടിട്ട് നമ്മുടെ ജീവിതത്തിൽ സുവിശേഷത്തിന്റെ പ്രകാശമടിച്ച് ഒന്നു പരതാം. നമ്മുടെ ജീവിതത്തിന്റെ മൂന്നു തലങ്ങളിലേക്ക് ഈശോയുടെ പാരമ്പര്യവിചാരം പടർന്നുകയറുന്നുണ്ട്. ഒന്നാമതായി, ദൈവത്തിന്റെ നിയമങ്ങളെ ലംഘിക്കാൻ ന്യായീകരണങ്ങൾ നിരത്തുന്ന നമ്മുടെ പതിവുശൈലിയാണ് പ്രതിസ്ഥാനത്ത്. ഉദാഹരണത്തിന് വീട്ടിൽ വിരുന്നുകാരു വരുന്നു-വെള്ളിയാഴ്ച മാംസഭക്ഷണം കഴിക്കുന്നു. ഇറങ്ങാൻനേരം മഴ പെയ്യുന്നു-ഞായറാഴ്ചക്കുർബാന മുടക്കുന്നു. യാത്ര കഴിഞ്ഞു താമസിച്ചാണു വന്നത്-കുടുംബപ്രാർത്ഥന ഒഴിവാക്കുന്നു. ഇടയ്ക്കു മധുരം കഴിച്ചാലും കുഴപ്പമില്ല എന്നും പറഞ്ഞ് പ്രമേഹരോഗിയെ ലഡു തീറ്റുംപോലെ ഓരോ മുട്ടുന്യായം കണ്ടെത്തി ദൈവകല്പനകളുടെ നേർക്കു സൗകര്യപൂർവ്വം കണ്ണടയ്ക്കാറുണ്ട് നാം. മാനുഷികനടപടിക്രമങ്ങളെ ദൈവികനിയമങ്ങൾക്കുവേണ്ടി നമുക്കു കൈവിടാം.

രണ്ടാമതായി, സുവിശേഷത്തിന്റെ സന്ദേശം ജീവിതപ്രമാണമാക്കാതെ ദൈവവിശ്വാസത്തെയും പാപത്തെയും ഒരുപോലെ ബാഹ്യവത്കരിക്കുന്നതിനുനേരേ ഈശോയുടെ നെറ്റി ചുളിയുന്നുണ്ടിവിടെ. മതപരമായ ചില ആചാരമര്യാദകൾ പാലിക്കുന്നതിലാണു വിശ്വാസം എന്നും അവയെ ലംഘിക്കുന്നതിലാണു പാപം എന്നും കരുതുന്നതിലെ ബാലിശത എടുത്തുകാട്ടുകയാണ് ഈശോ. കള്ളുംമോന്തി പെരുന്നാളിനു പുണ്യാളനെ ചുമക്കാൻ വരുന്നവന്റെ ഭാവം താനൊരു അപാരവിശ്വാസിയാണെന്നാണ്. വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യണമെന്ന പഴയനിയമമെവിടെ? ആരോഗ്യത്തിന് അപകടം വരുത്തുന്നതൊന്നും പാടില്ലെന്നു പഠിപ്പിക്കുന്ന അഞ്ചാംപ്രമാണമെവിടെ? അപരന് ഉതപ്പാകരുത് എന്ന ക്രിസ്തുശാസനമെവിടെ? ഒരു കൊല്ലം കാലക്കേടിനെങ്ങാനും പുണ്യാളനെ താങ്ങാനൊത്തില്ലേൽ വിശ്വാസത്തിന്റെ മേൽക്കൂരയിടിഞ്ഞു പാപത്തിന്റെ പടുകുഴിയിൽ വീണുപോയ മാനസികാഘാതമാണ് വിശ്വാസിക്ക്. ഒരുവന്റെ ആന്തരികഭാവമാണ് വിശ്വാസമെന്നും അതിന്റെ അഭാവത്തിൽ ദൈവത്തിനു നിരക്കാത്തവ ചെയ്യുന്നതിലാണു പാപം എന്നും ഈശോ ഓർമ്മപ്പെടുത്തുന്നു. ഒരു നന്മയെ ഉന്നംവച്ച് നാന്ദി കുറിച്ച ചില നിയമങ്ങൾ ധാർമ്മിക ദൈവശാസ്ത്രപരിപ്രേക്ഷ്യങ്ങളിൽ പറഞ്ഞാൽ structural sin ആയി രൂപമാറ്റം

വരുന്നതിനെ വിമർശനവിധേയമാക്കുന്നതാണിവിടെ മൂന്നാമത്തെ പ്രമേയം. അനുദിനജീവിതത്തിലേക്കു കണ്ണയച്ച് ഉദാഹരണം പറഞ്ഞാൽ നവദമ്പതികൾക്കു പുതുജീവിതമാരംഭിക്കാനുള്ള മൂലധനം അഥവാ പെൺകുട്ടിക്ക് അവളുടെ കുടുംബത്തിൽ നിന്നു കിട്ടാനുള്ള ഓഹരി എന്ന നിലയിൽ സമൂഹത്തിലാരംഭിച്ച നന്മയുടെ ഒരു സമ്പ്രദായം പിന്നീട് പിടിച്ചുപറിയുടെയും പകൽക്കൊള്ളയുടെയും വേഷമെടുത്തണിഞ്ഞപ്പോൾ സ്ത്രീധന നിരോധനനിയമം നിലവിൽവന്നു. ചില നല്ല ആചാരങ്ങൾ കാലക്രമത്തിൽ ദുഷിച്ച് വിശ്വാസത്തെപ്പോലും വെല്ലുവിളിക്കുന്നത് പതിവുകാഴ്ചയാണ്.വിവാഹം, മാമ്മോദീസാ തുടങ്ങി ജീവിതത്തിലെ അവിസ്മരണീയമുഹൂർത്തങ്ങൾ പകർത്താൻ ദൈവാലയങ്ങളിൽ അനുവദിച്ചത് ഇന്നു തിരുക്കർമ്മങ്ങളുടെ മുഖ്യകാർമ്മികനെ അറബിയെ പുറത്താക്കിയ ഒട്ടകം കണക്കെ ഛായാഗ്രാഹകൻ തട്ടിയെടുക്കുന്നിടത്തോളം എത്തിനിൽക്കുന്നു. ഇതുപോലെ നമ്മെ തട്ടിവീഴ്ത്തുന്ന നിരവധി പാപക്കല്ലുകൾ വിശ്വാസവഴിയിൽ പൊന്തിനില്പുണ്ട്. വിശ്വാസത്തെ അമ്പിലും കോഴിയിലും വെടിക്കെട്ടിലും ഒതുക്കുന്നവൻ ഇതൊക്കെ മനസ്സിലാക്കിയാൽ നന്ന്. ഇവരുടെ ഭക്തി, മനഃപാഠമാക്കിയ മാനുഷികനിയമമാണ് (ഏശയ്യാ.29:13) എന്ന പ്രവാചകവിലാപം നൂറ്റാണ്ടുകൾക്കിപ്പുറവും പ്രകമ്പനം കൊള്ളുന്നു. ദൈവികനിയമവും മാനുഷികനിയമങ്ങളും തമ്മിലുള്ള മൽപ്പിടിത്തം നോഹയ്ക്കും മുമ്പേയുള്ളതാണ്. പാരമ്പര്യം അഥവാ കൈയേൽപ്പിക്കലിനെ കുറിക്കാൻ സുവിശേഷങ്ങളിൽ ഉപയോഗിച്ച ഗ്രീക്കുവാക്ക് paradidomi എന്നതാണ്. യൂദാസ് ഈശോയെ ഏല്പിച്ചുകൊടുത്തതിനെ പരാമർശിക്കാൻ ഉപയോഗിച്ചിരിക്കുന്ന പദവും ഇതുതന്നെ. ഹൃദയം കഠിനമാക്കി ദൈവാരാധന നടത്തുന്നവരുടെയെല്ലാം ജീവിതത്തിൽ അങ്ങനെ paradidomi അറംപറ്റുന്ന അനുഭവമാകും. ദൈവേഷ്ടത്തിനു നിരക്കാത്ത ജീവിതം നയിച്ചിട്ട് കുറവിലങ്ങാട്ടെ കപ്പലോട്ടം കൂടുന്നതും ചേർപ്പുങ്കൽ പള്ളിയിൽ എണ്ണയൊഴിക്കുന്നതും ഒക്കെ യൂദാസിനെ മിമിക്രി കാട്ടൽ മാത്രമാവും. വഴിതെറ്റിയ പാരമ്പര്യങ്ങളെ വിമർശിക്കുമ്പോഴും ആചാരങ്ങളെ കീഴ്മേൽ മറിക്കാനുദ്യമിക്കുന്ന അരാജകവാദിയാകുന്നില്ല ഈശോ. മറിച്ച് No theology or tradition against charityഎന്ന വി. അഗസ്റ്റിന്റെ വാക്കുകളിൽ പാരമ്പര്യത്തെക്കുറിച്ചുള്ള ഈശോയുടെ കാഴ്ചപ്പാടിനെ ലളിതമായി ഉൾക്കൊള്ളാം.

# വ്യർത്ഥമായ ആരാധന

ഡോ. മാണി പുതിയിടം

### സന്നദ്ധതയുള്ളമനസ്സ് (നിയമ.5:16–6,3)

ദൈവം തന്റെ പദ്ധതി വെളിപ്പെടുത്തി. അവിടുന്നു കല്പനകളും നൽകി. അവയെല്ലാം മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ളതു തന്നെ. മഹത്ത്വപൂർണ്ണനായ ദൈവം മനുഷ്യന്റെ മദ്ധ്യത്തിലേക്കു വരുകയാണ്. അഗ്നിയും മേഘവും കൂടാരവുമൊക്കെ ദൈവസാന്നിദ്ധ്യം വിളിച്ചറിയിക്കുന്ന പ്രതീകങ്ങളാണ്. ജനം ദൈവത്തെ സ്വീകരിക്കുകയും തങ്ങളുടെ മദ്ധ്യസ്ഥനായി മോശയെ അംഗീകരിക്കുകയും ചെയ്തു. ദൈവികസ്വരം കേട്ടു തങ്ങളോടുപദേശിക്കുവാൻ ജനവും മോശയെ ചട്ടംകെട്ടി. ജനത്തിന്റെ ഈ മനോഭാവം ദൈവത്തിനുപ്രീതികരമായി.

വെളിപാടിന്റെ ദൈവം തന്റെ പദ്ധതി പൂർത്തീകരിച്ചത് തന്റെ തിരുക്കുമാരനിൽ. ഇവിടെയെല്ലാം ദൈവം മനുഷ്യനിൽനിന്ന് പ്രത്യുത്തരം പ്രതീക്ഷിക്കുന്നു. അതിനാണ് വിശ്വാസമെന്നു പറയുന്നത്. ദൈവത്തെ അംഗീകരിക്കാൻ സന്നദ്ധതയുള്ള മനസ്സിന്റെ സ്വഭാവമാണത്. വിശ്വാസംവഴി കൃപയാൽ മനുഷ്യൻ രക്ഷപ്രാപിക്കുന്നു. "കർത്താവ് എന്നോടരുളിച്ചെയ്തു : നിന്നോട് ഈ ജനം പറഞ്ഞതു ഞാൻ കേട്ടു. അവർ പറഞ്ഞതെല്ലാം നന്നായിരിക്കുന്നു. എന്നും എന്നെ ഭയപ്പെടാനും എന്റെ കല്പനകൾ പാലിക്കുന്നതുവഴി അവർക്കും അവരുടെ സന്തതികൾക്കും എന്നേക്കും നന്മയുണ്ടാകുവാനുമായി ഇതുപോലെ സന്നദ്ധതയുള്ള ഒരു മനസ്സ് അവർക്ക് എന്നും ഉണ്ടായിരുന്നെങ്കിൽ" (നിയമ 5:29).

**അധികം അഹങ്കരിക്കേണ്ട (എശ9:8–21)**

ലളിതസാഹചര്യങ്ങളിൽ നിന്നു തമ്പുരാൻ പിടിച്ചുയർത്തി. ഒഴുക്കുനിലയ്ക്കാത്ത സമ്പത്ത്, സൗകര്യങ്ങൾ പത്തിരട്ടിയാക്കി. ബന്ധുബലവും സ്വാധീനവും വർദ്ധിച്ചു. മക്കൾ പരിഷ്കാരത്തിന്റെ തേരിലേറി ചുറ്റിനടന്നു. വാക്കിനും നോക്കിനും നടപ്പിനും എടുപ്പിനുമൊക്കെ വലിയമാറ്റം. ഗൗരവം വിട്ടാൽ വിലപോയെന്ന മട്ടാണ്. അല്പന് അർത്ഥംകിട്ടിയാൽ അർദ്ധരാത്രിക്കു കുടപിടിക്കും. എന്നാലത് താമസിയാതെ ദൈവശിക്ഷയെ നേരിടും. ദൈവജനത്തിന്റെ ജീവിതത്തിലെ നിത്യപ്രതിഭാസമായിരുന്നു അത്. സമ്പത്തുണ്ടാവുമ്പോൾ

അഹങ്കരിക്കുക. അഹങ്കരിക്കുമ്പോൾ നശിക്കുക. "ഇഷ്ടിക വീണുപോയാൽ വെട്ടിയൊരുക്കിയ കല്ലുകൊണ്ടു ഞങ്ങൾ പണിയും; സിക്കമൂർ മരങ്ങൾ വെട്ടിക്കളഞ്ഞാൽ അവയ്ക്കു പകരം ദേവദാരു ഞങ്ങൾ ഉപയോഗിക്കും എന്ന് അഹങ്കാരത്തോടും ഔദ്ധത്യത്തോടും കൂടെ പറയുന്ന എഫ്രായീംകാരെയും സമരിയാനിവാസികളെയും ജനം തിരിച്ചറിയും. കർത്താവ് അവയ്ക്കെതിരേ ശത്രുക്കളെ അയയ്ക്കുകയും അവരുടെ വൈരികളെ ഇളക്കിവിടുകയും ചെയ്യും" (ഏശ 9:10-11). അധികാരം പടുത്തുയർത്തുന്നതിന് (2കോറി10:7-18) അധികാരം മുകളിൽനിന്നു നൽകപ്പെടുന്നതാണ്. അതു സ്വന്തമെന്നു കരുതി സ്വാർത്ഥമായി വിനിയോഗം ചെയ്യുന്നതു ദൈവവിരോധമാണ്. നശിപ്പിക്കാനല്ല, പടുത്തുയർത്താനാണ് അധികാരം നൽകപ്പെടുക. അധികാരം കൈയാളുന്നവരുടെ രീതികൾ വ്യത്യസ്തങ്ങളാണ്. അധികാരങ്ങൾ കൈവശപ്പെടുത്താൻ നെട്ടോട്ടമോടുന്നവർ സ്വാർത്ഥമോഹികളാണ്. അവർ കൈയിൽ കിട്ടിയ അധികാരം വിട്ടൊഴിയുന്നതിനു തയ്യാറാവുകയില്ല. ദൈവത്തെക്കാൾ അധികാരത്തെ വലുതായിക്കരുതുന്നവർ വിധേയരായവർക്കു ശ്വാസംമുട്ടലും വീർപ്പുമുട്ടലും സൃഷ്ടിക്കും. ദൈവത്തിന്റെ ഇച്ഛയെക്കാൾ തങ്ങളുടെ ഇച്ഛ അടിച്ചേല്പിക്കും. അവിടെ അപരനോടുള്ള ബഹുമാനമോ, മറ്റുള്ളവരുടെ ആത്മാഭിമാനത്തോടുള്ള ആദരവോ ഉണ്ടായിരിക്കുകയില്ല. ദൈവത്തിൽനിന്നു സ്വീകരിക്കുന്ന അധികാരം കീഴിലുള്ളവരെ വളർത്താൻവേണ്ടി നിയോഗിക്കപ്പെട്ടിരിക്കുന്നു. "ഞങ്ങളുടെ അധികാരത്തെപ്പറ്റി ഞങ്ങൾ കുറച്ചധികം പ്രശംസിച്ചാലും അതിൽ എനിക്കു ലജ്ജിക്കാനില്ല. നിങ്ങളെ പടുത്തുയർത്താനാണ്, നശിപ്പിക്കാനല്ല കർത്താവു ഞങ്ങൾക്ക് അധികാരം നൽകിയിരിക്കുന്നത്. ലേഖനത്തിലൂടെ നിങ്ങളെ ഭയപ്പെടുത്തുന്നവനായി എന്നെ നിങ്ങൾ കണക്കാക്കരുത്. എന്തെന്നാൽ ചിലർ പറയുന്നു: അവന്റെ ലേഖനങ്ങൾ ഈടുറ്റതും ശക്തവുമാണ്. എന്നാൽ അവന്റെ ശാരീരിക സാന്നിദ്ധ്യം അശക്തവും ഭാഷണം മനസ്സിലേശാത്തതുമാണ്. അകലെയായിരിക്കുമ്പോൾ ലേഖനത്തിലൂടെ പറയുന്നതു തന്നെയാണ് അടുത്തായിരിക്കുമ്പോൾ ഞങ്ങൾ പ്രവർത്തിക്കുന്നത് എന്ന് ഇക്കൂട്ടർ ധരിക്കട്ടെ" (2കോറി 10:9-11).

**വ്യർത്ഥമായ ആരാധന (മർക്കോ 7:1-13)**

ആരാധനയിൽ ആന്തരികതയും ആത്മാർത്ഥതയും അനിവാര്യമാണ്. ദൈവവും മനുഷ്യനുമായുള്ള ആത്മാർത്ഥമായ ബന്ധം പ്രകടമാവുന്നത് മനുഷ്യനു മനുഷ്യനോടുള്ള ബന്ധത്തിലാണ്. ദൈവസന്നിധിയിലെ സത്യസന്ധതയും ശുദ്ധിയും പെരുമാറ്റത്തിലെ സത്യസന്ധതയിലും ശുദ്ധിയിലും അടങ്ങിയിരിക്കുന്നു. ദൈവാരാധനയ്ക്ക് അനുദിനം അണയുകയും സഹോദരനോടു പകയും വിദ്വേഷവും വച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവൻ കള്ളനും കപടനാട്യക്കാരനുമാണ്. യഹൂദഫരിസേയർക്ക് പുറമേയുള്ള നാട്യങ്ങളായിരുന്നു

പ്രധാനം. അകമേയെന്തെന്നത് അവർക്കു പ്രശ്നമായിരുന്നില്ല. അതിനാൽ യഹൂദചട്ടങ്ങൾ പാലിക്കുന്നതിൽ അക്ഷരശ: അവർ ശ്രദ്ധിച്ചിരുന്നു.മിശിഹായുടെ ശിഷ്യർ ചട്ടങ്ങൾ പാലിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നില്ല. ഭക്ഷണം കഴിക്കുന്നതിനുമുമ്പു കൈകൾ കഴുകുക, പൊതുസ്ഥലത്തു നിന്നു വരുമ്പോൾ ദേഹശുദ്ധിവരുത്തുക, കോപ്പകളുടെയും കലങ്ങളുടെയും ഓട്ടുപാത്രങ്ങളുടെയും ക്ഷാളനം തുടങ്ങി പല പാരമ്പര്യചട്ടങ്ങളും യഹൂദരെ സംബന്ധിച്ചിടത്തോളം ഗൗരവമേറിയതായിരുന്നു. മിശിഹായുടെ ശിഷ്യർ കൈകഴുകാതെ ഭക്ഷിക്കുന്നതു കണ്ടു ക്ഷുഭിതരായ യഹൂദർ അവിടുത്തോടു ചോദ്യം ചോദിച്ചു. ഈശോയുടെ ഉത്തരം ഏശയ്യായിലൂടെയായിരുന്നു.

"അവൻ പറഞ്ഞു: കപടനാട്യക്കാരായ നിങ്ങളെക്കുറിച്ച് ഏശയ്യാ ശരിയായിത്തന്നെ പ്രവചിച്ചു. അവൻ എഴുതിയിരിക്കുന്നു. ഈ ജനം അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്നു വളരെ ദൂരെയാണ്. വ്യർത്ഥമായി അവർ എന്നെ ആരാധിക്കുന്നു. മനുഷ്യരുടെ കല്പനകൾ പ്രമാണങ്ങളായി പഠിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ കല്പന ഉപേക്ഷിച്ച് മനുഷ്യരുടെ പാരമ്പര്യം നിങ്ങൾ മുറുകെപ്പിടിക്കുന്നു. അവൻ തുടർന്നു: നിങ്ങളുടെ പാരമ്പര്യം പാലിക്കാൻവേണ്ടി നിങ്ങൾ കൗശലപൂർവ്വം ദൈവകല്പന അവഗണിക്കുന്നു" (മർക്കോ 7:7-10).



# കാപട്യത്തിന്റെ പിടിയിലോ ?

ഡോ. തോമസ് പാറയ്ക്കൽ

വഴക്കങ്ങളോടും മാമൂലുകളോടും പ്രീശർക്കും വേദപണ്ഡിതർക്കുമുള്ള പ്രതിഷ്ഠാപിതമായ നിലപാടുകളെ ഈശോ വിശകലനവിധേയമാക്കുന്നതാണ് വി. മർക്കോസിന്റെ സുവിശേഷം 7-ാം അദ്ധ്യായം ആദ്യഭാഗം. പരമ്പരയായി നിലനില്ക്കുന്ന മൂല്യരഹിതമായ മൂല്യസങ്കല്പങ്ങളും ആചാരങ്ങളും വഴക്കങ്ങളും രീതികളും ഈശോയുടെ വിമർശനത്തിന് വിധേയമാകുന്നു.പ്രീശരും ജറുസലേമിൽ നിന്നുള്ള വേദപണ്ഡിതന്മാരും ശിഷ്യന്മാർ

കൈകഴുകാതെ ഭക്ഷണം കഴിച്ചതിന്റെ മറയിൽ വിതണ്ഡാവാദത്തിന് തുനിയുകയാണ്. അടിസ്ഥാനമോ യുക്തിയോ ഇല്ലാത്ത വാദമാണ് വിതണ്ഡാവാദം. സ്വപക്ഷം സ്ഥാപിക്കാൻ ശ്രമിക്കാതെ പരപക്ഷം ഖണ്ഡിക്കാനുള്ള വ്യഗ്രതയാണ് വിതണ്ഡാവാദത്തിന്റെ സ്വഭാവം.

ഉള്ളില്ലാത്തതും ഉള്ളിനെ സ്പർശിക്കാത്തതുമായ മതാത്മകതയുടെ പ്രണേതാക്കളും പ്രയോക്താക്കളുമായിരുന്നു ജറുസലേമിൽ നിന്നെത്തിയ പണ്ഡിതനിര. മനുഷ്യന്റെ ഉള്ളാണ് അന്തരംഗമാണ് - മതാത്മകതയുടെ കാമ്പ് നിർണ്ണയിക്കുന്നത്. ഉള്ളിന്റെ നന്മ ഒരുവനെ നല്ലവനും ഉള്ളില്ലായ്മ തിന്മനിറഞ്ഞവനുമാക്കും. തിന്മയെ അകത്തളത്തിൽ കുടിയിരുത്തിയിരിക്കുന്നവർ ബാഹ്യമായ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പ്രാധാന്യം കൊടുക്കും. പൂർവ്വികപാരമ്പര്യമനുസരിച്ച് കൈകഴുകാതെ ഭക്ഷണം കഴിക്കില്ല. ചന്തയിൽനിന്നു വരുന്നവൻ ദേഹക്ഷാളനം നടത്തും. പാനപാത്രങ്ങളും ഓട്ടുപാത്രങ്ങളും കുടങ്ങളുമെല്ലാം ക്രമാനുസാരിയായി കഴുകുന്നതിൽ യഹൂദർ ശ്രദ്ധ ചെലുത്തും. ഇങ്ങനെ അവരുടെയിടയിൽ പ്രതിഷ്ഠനേടിയ മാമൂലുകൾ സുലഭം. ഇതു വഴി അശുദ്ധികളെല്ലാം ദൂരീകൃതമാകുമെന്ന് അവർ വിശ്വസിച്ചിരുന്നു. മനുഷ്യനെ അശുദ്ധനാക്കുന്നത് ക്ഷാളനങ്ങളുടെ അഭാവമോ പെരുപ്പമോ അല്ല. ഉള്ളിലെ തിന്മയാണ്. ഈശോ അവരോട് സംസാരിക്കുമ്പോൾ അവരെ വിശേഷിപ്പിക്കുന്നത് കപടഭക്തരേ എന്നാണ്. കാപട്യക്കാർ എല്ലായിടത്തും എല്ലാകാലങ്ങളിലും കുറ്റം കണ്ടെത്തുകയും പറയുകയും ചെയ്യും. കുറ്റം പറച്ചിലും വിമർശനവുമാണ് അവർക്കു പരിചിതമായ ശൈലി. അവരുടെ മതാത്മകത ബാഹ്യനിഷ്ഠമാണ്; ആചാരഭരിതമാണ്; ബാഹ്യകർമ്മബന്ധിയുമാണ്. ആന്തരികതയ്ക്ക് അന്യമായ വാക്കുകളും ചെയ്തികളും നിറഞ്ഞാൽ നഷ്ടമാകുന്നതിനെക്കുറിച്ചുള്ള ശങ്കകൾ പൊയ്പ്പോയവരുമാണ്. കൈകഴുകലും കാലുനനയ്ക്കലും കുളിയുമൊന്നും മതാചാരത്തിന്റെ ഭാഗമാകേണ്ടതില്ല. ഇവയെല്ലാം മാനവികതയുടെ സംസ്കാരസമ്പത്തിന്റെ ബാഹ്യഘടകങ്ങളാണ്. ഇവയൊന്നും ദൈവകല്പനകളുമല്ല. കഴുകലുകളുടെയും നനയ്ക്കലിന്റെയും നൈരന്തര്യത്തിൽ ആരും രക്ഷപ്രാപിക്കുമെന്ന് കരുതാനുമാവില്ല.

കപടനിലപാടുകളെ ഈശോ പലപ്പോഴും കുറ്റപ്പെടുത്തിയിട്ടുണ്ട്. അധരങ്ങളാൽ സ്തുതിക്കുകയും ഹൃദയം ദൈവത്തിൽ നിന്ന് അകലെ സൂക്ഷിക്കുകയും ചെയ്യുന്നു എന്നതാണ് കപടഭക്തന്റെ പ്രത്യേകത. ദൈവവചനത്തെ അകലത്തിൽ നിറുത്തികൊണ്ട് മനുഷ്യ കല്പിതങ്ങളായ നിയമങ്ങൾക്ക് ചിരസ്ഥായിത്വം നല്കാനുള്ള വ്യഗ്രതയാണ് അവർക്കുള്ളത്. ധർമ്മവും അധർമ്മവും തിരിച്ചറിയാനെന്ന വ്യാജേന നടത്തുന്ന പരീക്ഷണങ്ങളാണ് അവരുടെ വാക്കുകൾ. ഈശോയെയും ശിഷ്യരെയും കെണിയിലാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കപടനാട്യക്കാരുടെ വിതണ്ഡാവാദങ്ങൾ അരങ്ങേറുന്നത്.

ന്യായപ്രാമാണത്തിന്റെ മാർഗ്ഗം തേടുന്നവർക്കുള്ള പാത തങ്ങളാണെന്നു കപടനാട്യക്കാർ ഭാവിക്കുന്നു. എന്നാൽ ദൈവവചനവും അവർ ആശ്രയം വയ്ക്കുന്ന ന്യായപ്രമാണങ്ങളും തങ്ങളിൽ സമൃദ്ധമായി വളരുന്നതിനും അവർ അനുവദിക്കുന്നില്ല. വലിയ തലപ്പാവും മേലങ്കിയുമണിഞ്ഞ് അഹംഭാവത്തിന്റെയും പൊങ്ങച്ചത്തിന്റെയും പാതയിലാണവരുടെ സഞ്ചാരം. അവരുടെ ജീവിതം നിഷ്ഫലവും പരിഹാസ്യവുമായി കലാശിക്കുന്നു.

പ്രതിഭ ഇല്ലാത്ത ബുദ്ധിജീവികളും സദാചാരശാസ്ത്രജ്ഞരും കാപട്യക്കാരുടെ ഗണത്തിലാണെന്ന് ഫ്രാൻസീസ് പാപ്പ ജൂൺ 19 ബുധനാഴ്ചത്തെ പ്രഭാഷണത്തിൽ സമർത്ഥിക്കുന്നു. ദൈവത്തെ കണ്ടെത്തുവാനോ അവിടുത്തെക്കുറിച്ച് വിശദീകരിക്കാനോ ഉള്ള ബുദ്ധികൂർമ്മതയില്ലാത്ത വിതണ്ഡാവാദക്കാരും ബുദ്ധിജീവികളുമെല്ലാം കപടനാട്യക്കാരാണ്. അവർ അവരുടെ കുയുക്തിയിലും സ്വപക്ഷസ്ഥാപനത്തിലും കടിച്ചുതൂങ്ങിയും ബന്ധിക്കപ്പെട്ടും കിടക്കുന്നു. വിനാശകരമായ പാതയിലേക്ക് നയിക്കാൻ മാത്രം കഴിയുന്ന ന്യായപ്രമാണോപദേശകരാണ് അവർ-നന്മയില്ലാത്ത സന്മാർഗ്ഗശാസ്ത്രികൾ- നന്മയെന്തെന്ന റിയാത്ത അവർ മറ്റുള്ളവർ നന്മ ചെയ്യണമെന്ന ശാഠ്യത്തിലാണ്. അവർ കൂടാരം തീർത്തിരിക്കുന്നത് സന്മാർഗ്ഗപ്രമാണങ്ങളിലും നീതിസൂത്രങ്ങളിലുമാണ്. സ്വയം നന്മപ്രവൃത്തികൾ ചെയ്യുന്നില്ല എന്നതാണവരുടെ കപടനാട്യത്തിന്റെ പ്രത്യേകത. നിർജ്ജീവവസ്തുക്കൾ മനോഹരമായി സൂക്ഷിച്ചുവയ്ക്കുന്ന മ്യൂസിയത്തിന്റെ മാതൃകയേ കപടനാട്യക്കാരിലുള്ളൂ എന്ന ഫ്രാൻസീസ് പാപ്പയുടെ നിരീക്ഷണം നാം ജീവിക്കുന്ന കാലഘട്ടത്തിലും സംഗതമാണ്.

കേന്ദ്രസ്ഥാപിതമായിരിക്കേണ്ട ദൈവവചനം അകലത്തിലും പ്രാന്തത്തിലായിരിക്കേണ്ട നിയമാധിഷ്ഠിത വസ്തുതകൾ പ്രാമുഖ്യം നേടുകയും ചെയ്യുമ്പോൾ നമ്മുടെ ജീവിതങ്ങളിലും കാപട്യം ഭരണം നടത്തും. ഈ ദുര്യോഗം ജീവിതമേഖലകളിലെല്ലാം കാർന്നുകയറാവുന്നതാണ്. സ്ഥാനീയരിലും സാമാന്യജനത്തിലും കാപട്യം പിടിമുറുക്കുവാനുള്ള സാദ്ധ്യത മതങ്ങൾക്കെല്ലാമുണ്ട്. സർവ്വപ്രധാനമായ ദൈവവചനവും ദൈവകല്പനകളും നമ്മോടു ഭിന്നിച്ചു നിൽക്കുകയും സാമൂഹിക സുസ്ഥിതിക്കായി ഉണ്ടാക്കിയ ആചാരങ്ങളും ശ്രമങ്ങളും മേല്ക്കൈ നേടുകയും ചെയ്യുന്നിടത്ത് ഔചിത്യഭംഗമുണ്ട്. കപടനാട്യക്കാരുടെ നിലയിലേക്ക് കൂപ്പുകുത്താനുള്ള സാധ്യത ഇന്ന് കൂടുതൽ പ്രകടമാണ്. ദൈവത്തെയും ദൈവവചനത്തെയും നിരർത്ഥകമാക്കാനുള്ള (7:13) പ്രവണത ജീവിതങ്ങളെ സമാക്രമിക്കാം. കാര്യസാദ്ധ്യസിദ്ധാന്തം ജീവിതം നിർണ്ണയിക്കുമ്പോൾ കാതലായത് മതാത്മകതയിലും നഷ്ടപ്പെടും. അസാദ്ധ്യകാര്യങ്ങളും അടയാളങ്ങളും അദ്ഭുതങ്ങളും ചമയ്ക്കാനുള്ള കാലഘട്ടത്തിന്റെ മതാത്മകവികലപദ്ധതികളും ദൈവികതയിൽ നിന്ന് അകറ്റാനേ ഉപകരിക്കൂ. ഉള്ളിന്റെ നന്മയും

ഭിന്നിച്ചു പോകാത്ത മതാത്മകനിലപാടുകളുമാണ് സ്വീകാര്യം. അസ്വീകാര്യമായതിനെ കൂട്ടുപിടിക്കുമ്പോൾ ഭാവാത്മകമായവ ജീവിതത്തിൽ നിന്നു വഴുതിപ്പോകും. അറിയാതെ തന്നെ കപടനാട്യക്കാരുടെ വരുതിയിലേക്ക് നമ്മളും വഴുതിവീഴും. ശ്രദ്ധാപൂർവ്വമായ ചുവടുവപ്പുകളും ജീവിതപദ്ധതികളും നമ്മിൽ ഉരുത്തിരിയട്ടെ.

ഫലവിചാരം

1) ഉള്ളിന്റെ നന്മയാണ് എന്നെ നല്ലവനാക്കുന്നത്. ഉള്ളിന്റെ ഉള്ളില്ലായ്മയാണ് എന്നിലെ തിന്മ.

2) കഴുകലും കുളിയും നനയ്ക്കലുമല്ല നമ്മെ രക്ഷിക്കുന്നത്. മാനവ സംസ്കാരത്തിന്റെ ഭാഗമാണിവയെല്ലാമെന്ന് ഞാൻ തിരിച്ചറിയണം.

3) കുറ്റംപറച്ചിലും വിമർശനവും കാപട്യത്തിന്റെ പ്രദർശനപരതയാണ്.

4) മതാത്മകതയെ ധ്വംസിക്കുന്ന മാമൂൽപ്രിയവും കാലത്തിന്റെ മുഖമായ കാര്യസാദ്ധ്യസിദ്ധാന്തവും വർജ്ജനീയമാണ്.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# ഹൃദയങ്ങളെ അറിയുന്ന ദൈവം

ഫാ. ജോർജ് ദാനവേലിൽ

വ്യക്തിജീവിതത്തിൽ സംഭവിക്കുന്ന തെറ്റുകൾ തീർത്ഥയാത്രകളിലൂടെയും പുണ്യനദികളിലുള്ള സ്നാനത്തിലൂടെയും കഴുകികളയാം എന്നു കരുതുന്ന മതവിശ്വാസികളുണ്ട്. പുണ്യനദിയിൽ കുളിച്ചു ദേഹശുദ്ധി വരുത്തിയാൽ തെറ്റുകുറ്റങ്ങളെല്ലാം ക്ഷമിക്കപ്പെടും എന്നാണിവർ കരുതുക. ഇതുപോലുള്ള ചിന്താഗതികൾവച്ചു പുർത്തിയിരുന്ന ഒരു ജനവിഭാഗമായിരുന്നു യഹൂദസമൂഹം. 365 വിലക്കുകളും 248 കല്പനകളും കൂടി ആകെ 613 എഴുതപ്പെട്ട നിയമങ്ങളാണ് ഇവർക്കുണ്ടായിരുന്നത്. ഇതു കൂടാതെ എഴുതപ്പെടാതെ കൈമാറിക്കിട്ടിയ പാരമ്പര്യനിയമങ്ങൾ

വേറെയുണ്ടായിരുന്നു. ഈ നിയമങ്ങളെല്ലാം അനുസരിക്കുകയും കുറെയേറെ ആചാരങ്ങൾ അനുഷ്ഠിക്കുകയും ചെയ്താൽ പൂർണ്ണതയായി എന്നാണിവർ കരുതിയിരുന്നത്.

ലേവ്യരുടെ പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ നിയമാചരണം വിശുദ്ധിയുടെയും അനുഷ്ഠാനങ്ങൾ പൂർണ്ണതയുടെയും അടയാളമായി പണ്ഡിതൻമാർ വ്യാഖ്യാനിക്കുകയും ഇതനുസരിക്കാൻ സാധാരണജനങ്ങളെ നിർബന്ധിക്കുകയും ചെയ്തിരുന്നു. ലേവ്യരുടെ പുസ്തകം 11-ാം അദ്ധ്യായത്തിൽ ശുദ്ധവും അശുദ്ധവുമായ ജീവികളുടെ ഒരു നീണ്ട പട്ടിക തന്നെ കാണുവാൻ സാധിക്കും. ഇവയുടെ മാംസം ഭക്ഷിക്കുകയോ കാഷ്ഠം തൊടുകയോ ചെയ്യുന്നവർപ്പോലും അശുദ്ധരായിത്തീരും എന്നു യഹൂദർ വിശ്വസിച്ചിരുന്നു. ഇങ്ങനെ തങ്ങളുടെ ശുദ്ധി പാലിക്കുവാനായി ജീവൻ ത്യജിക്കാൻപോലും ഇവർ സന്നദ്ധരായിരുന്നു. പന്നിമാംസം ഭക്ഷിച്ച് അശുദ്ധരാക്കാൻ തയ്യാറാകാതെ മരണത്തെ സ്വീകരിക്കാൻ തയ്യാറായ ഏഴുമക്കളെയും അവരുടെ വിധവയായ മാതാവിനെയുംക്കുറിച്ചു മക്കബായരുടെ പുസ്തകം ഏഴാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ജീവനേക്കാൾ നിയമങ്ങളെയും പാരമ്പര്യങ്ങളെയും അനുഷ്ഠാനങ്ങളെയും ആദരിച്ചു ബഹുമാനിച്ചിരുന്ന യഹൂദജനതയുടെ മദ്ധ്യത്തിലേക്കാണ് ഈശോ കടന്നു വന്നത്.

പുറമേനിന്നുള്ള ഒന്നിനും അകത്തുകടന്നു മനുഷ്യനെ അശുദ്ധമാക്കാൻ സാധിക്കില്ലെന്ന് അവിടുന്ന് പഠിപ്പിച്ചു. ഹൃദയത്തിൽ നിന്നു പുറത്തുവരുന്നതാണ് ഒരുവന്റെ വ്യക്തിത്വത്തെ തുറന്നുകാണിക്കുക. എല്ലാ സച്ചിന്തകളും ദുഷ്ചിന്തകളും ഹൃദയത്തിന്റെ തികവിൽ നിന്നാണ് പുറത്തു വരിക. ഒരുവന്റെ പ്രവൃത്തികളെ മാത്രം കണ്ട് അതിനനുസരിച്ചു മാത്രം പ്രവർത്തിക്കുന്നവനല്ല ദൈവം. മറിച്ച് മനുഷ്യഹൃദയങ്ങളെ അറിയുന്നവനാണ് അവിടുന്ന്. അതിനാൽ ബാഹ്യമായ ആചാരാനുഷ്ഠാനങ്ങളിലൂടെയല്ല ഒരുവൻ ശുദ്ധനോ അശുദ്ധനോ എന്നു നിർണ്ണയിക്കുക. അന്തരികമനോഭാവത്തിന്റെയും ഹൃദയനൈർമല്യത്തിന്റെയും അടിസ്ഥാനത്തിലാണ് ഒരുവൻ ശുദ്ധനോ അശുദ്ധനോ എന്നു നിർണ്ണയിക്കുക. ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അമിതപ്രാധാന്യം നല്കുകയും എന്നാൽ ആവശ്യം ഉണ്ടായിരിക്കേണ്ട ഹൃദയപരിശുദ്ധിയെ വിസ്മരിക്കുകയും ചെയ്ത യഹൂദമനോഭാവത്തിനെതിരെ ആഞ്ഞടിക്കുകയാണ് ഈശോ ഇവിടെ. ബാഹ്യമായ ആചാരരാനുഷ്ഠാനങ്ങളിൽ മാത്രം ശ്രദ്ധിച്ചിരുന്ന ഫരിസേയമനോഭാവത്തെ ഏശയ്യായുടെ വാക്കുകൾകൊണ്ടാണു ഈശോ എതിർക്കുക,ഈ ജനം അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു.എന്നാൽ ഇവരുടെ ഹൃദയമോ എന്നിൽ നിന്ന് ഏറെ അകലെയാണ്(ഏശ.29/13).

ആചാരങ്ങളും അനുഷ്ഠാനങ്ങളും പരമ്പര്യങ്ങളുമെല്ലാം അർത്ഥശൂന്യമാണെന്നല്ല ഈശോ ഇവിടെ വ്യക്തമാക്കുക മറിച്ച് ഇവയുടെയെല്ലാം അന്തസത്ത മറന്നുള്ള ആചരണപ്രധാനമായ മതാത്മകതയെയാണ് ഈശോ കുറ്റപ്പെടുത്തുക. ദൈവികനിയമങ്ങൾ എപ്പോഴും മനുഷ്യന

ന്മയെ ലക്ഷ്യംവച്ചുകൊണ്ടുള്ളതാണ്. അല്ലാതെ കുറെ അരുതുകളിലൂടെ അവന്റെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുകയല്ല ഇവയുടെ ലക്ഷ്യം.

ഉറവ നന്നെങ്കിൽ ആ ഉറവയിൽനിന്നൊഴുകുന്ന ജലവും നന്നായിരിക്കും. വൃക്ഷം നന്നെങ്കിൽ അതിന്റെ ഫലവും നന്നായിരിക്കും. ഇതൊക്കെ അനുദിനജീവിതത്തിൽ നാം കാണുന്നതാണ്. ഹൃദയം ശുദ്ധമെങ്കിൽ സച്ചിന്തകളാവും ഹൃദയത്തിൽനിന്നു പുറത്തുവരിക. ഉള്ളം ദുഷിച്ചതെങ്കിൽ ദുശ്ചിന്തകൾ, ജാരവൃത്തി, മോഷണം, കൊലപാതകം, വേശ്യാവൃത്തി, ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി, അസൂയ, ദൂഷണം, അഹങ്കാരം, മൂഢത തുടങ്ങിയ തിന്മകളെല്ലാം പുറത്തുവരും.

എക്സറേയുടെ കാലം കഴിഞ്ഞു സ്കാനിങ്ങിന്റെ സുഗത്തിലാണു നാമിന്നു ജീവിക്കുക. ആന്തരികാവയവങ്ങളുടെ തകരാറുകൾ ഇതിലൂടെ കണ്ടുപിടിക്കാൻ ആധുനിക വൈദ്യശാസ്ത്രത്തിനു കഴിയുന്നു. നമ്മുടെ ഹൃദയത്തിന്റെസ്കാനിങ്ങിൽ അതിലെ ചിന്തകൾകൂടി പതിയാനുള്ള സംവിധാനം ഉണ്ടായിരുന്നെങ്കിൽ എന്തെല്ലാം ചിന്തകളാവുമായിരുന്നു ആ ചിത്രത്തിൽ പതിയുക എന്ന് ഓർമ്മിക്കാം.

മറ്റുള്ളവരുടെ മുമ്പിൽ മാന്യതയുടെ പൊൻമുഖം അണിയുകയും ഉള്ളിന്റെയുള്ളിൽ ദുഷ്ടവിചാരങ്ങൾ കുത്തിനിറച്ച് അപരനെതിരായി പ്രവർത്തിക്കുകയും ചെയ്യുന്നവരാണോ നാം. നമുക്കു ചെയ്യാമായിരുന്ന ഒരു ഉപകാരം ഒരുവനു നിരസിച്ച് അവന്റെ വേദനയിൽ കണ്ണു തുറക്കാത്തവരാണോ നാം. അധികാരത്തിന്റെവാളും സ്വാധീനവും ഉപയോഗിച്ച് തന്റെ കീഴിലുള്ളവരെ അടിച്ചമർത്തി അവരുടെ വേദനയിൽ ഗൂഢമായി സന്തോഷിക്കുന്നവരാണോ നാം. ഇതെല്ലാം ചെയ്തിട്ടും വെറും അധരവ്യായാമത്തിലൂടെ ദൈവത്തെ പ്രീതിപ്പെടുത്താൻ ശ്രമിച്ചാൽ നാം മൂഢലോകത്തിലാണ് ജീവിക്കുക എന്നു പറയേണ്ടിവരും.

ചൈനീസ് രാജാക്കൻമാരെക്കുറിച്ചു പറഞ്ഞിരുന്ന ഒരു കാര്യമുണ്ട്. തങ്ങളുടെ രാജ്യം ക്രമനിഷ്ഠമാക്കണമെന്ന് അവർ ആദ്യമേ നിശ്ചയിക്കും. അതിന് ആദ്യം അവർ തങ്ങളുടെ കുടുംബം ക്രമവത്കരിക്കും. കുടുബം ക്രമവത്കരിക്കാനായി അവർ തങ്ങളുടെ സ്വഭാവം സംസ്കരിക്കും. സ്വഭാവം സംസ്കരിക്കാനായി അവർ തങ്ങളുടെ ഹൃദയം സംസ്കൃതമാക്കും. ഹൃദയം സംസ്കൃതമാകുമ്പോൾ സ്വഭാവം സംസ്കൃതമാകും. അപ്പോൾ കുടുംബം ക്രമവത്കൃതമാകും. കുടുംബങ്ങൾ ക്രമവത്കൃതമാകുമ്പോൾ രാജ്യംതന്നെ ക്രമനിഷ്ഠമാകും.

നന്മതിന്മകളുടെ ഉറവിടം ഹൃദയമാണെന്നു മറക്കാതിരിക്കാം. നല്ലൊരുഹൃദയത്തിൽ നിന്നു നന്മ എപ്പോഴും പുറത്തുവരും. മാറേണ്ടത് മനസ്സാണ്. നമ്മുടെ മനസ്സിന്റെ സംസ്കരണ

മാണ് എപ്പോഴും ആവശ്യമായിരിക്കുന്നത്. അതിനാലാണല്ലോ മാനസാന്തരപ്പെടുവിൻ എന്ന ആഹ്വാനവുമായി ഈശോ തന്റെ പരസ്യജീവിതം ആരംഭിച്ചത് (മത്താ. 4/17).

സഭയുടെ ആരാധനാക്രമവത്സരമനുസരിച്ചു കൈത്താക്കാലത്തിലൂടെ നാം കടന്നുപോവുകയാണ്. സഭയുടെ വളർച്ചയെ അനുസ്മരിക്കുന്ന ഈ കാലം സഭാംഗങ്ങളുടെ വ്യക്തിജീവിത്തിൽ ഉണ്ടായിരിക്കേണ്ട സ്വഭാവ സവിശേഷതകളെക്കുറിച്ചാണു സുവിശേഷത്തിലൂടെ പ്രധാനമായും നമ്മെ അനുസ്മരിപ്പിക്കുക. ഹൃദയപരിശുദ്ധിയെക്കുറിച്ച് അനുസ്മരിപ്പിക്കുന്ന ഇന്നത്തെ സുവിശേഷം നിർമ്മലമായൊരു ഹൃദയം കാത്തുസൂക്ഷിക്കാനാണു നമ്മോടാവശ്യപ്പെടുക. അതിനുള്ള കൃപക്കായി നമുക്കു പ്രാർത്ഥിക്കാം.